**പതിമൂന്നാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2824 — 19/6/2014 ൽ മറുപടിയ്ക്ക്

## പുറമ്പോക്ക് ഭൂമി കയ്യേറ്റം

| ചോദ്യം<br>ശ്രീമതി.കെ.കെ.ലതിക | മറുപടി<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകപ്പ് മന്ത്രി) |
|---|---|
| എ) കോഴിക്കോട് ജില്ലയിലെ അരീക്കരക്കന്ന്, പാലക്കാട് ജില്ലയിലെ മുതലമട, തിരുവനന്തപുരം ജില്ലയിലെ മൂക്കന്നിമല എന്നിവിടങ്ങളിൽ എത്ര സർക്കാർ പുറമ്പോക്ക് ഭൂമിയുണ്ടെന്നും ഓരോ ഭൂമിയുടെയും സർവ്വെ നമ്പറും വ്യക്തമാക്കുമോ; | എ) കോഴിക്കോട് ജില്ലയിലെ അരീക്കരക്കന്നിൽ, ശ്രീ.വിജയകൃഷ്ണവർമ്മ രാജയിൽ നിന്നും മിച്ചഭൂമിയായി ചെക്യാട് വില്ലേജ് വിളക്കോട്ടൂർ ദേശത്ത് റീ സ 30/1എ1 ൽ 207.33 ഏക്കറും, കുറവന്തേരി ദേശത്ത് റി.സ 58 ൽ 66.60 ഏക്കറും ചേർത്ത് ആകെ 273.93 ഏക്കർ സർക്കാരിലേക്ക് 8/4/2010 ൽ ഏറ്റെടുത്തിരുന്നു. കൊയിലാണ്ടി താലൂക്ക് ലാന്റ് ബോർഡിന്റെ 7/11/13 ലെ ടി.എൽ.ബി (ക്യൂ) 1/13/13 പ്രകാരം 1.14 ഏക്കറും, വടകര താലൂക്ക് ലാന്റ് ബോർഡിന്റെ 24/10/13 ലെ ടി.എൽ.ബി (ബി) 1/2009 പ്രകാരം 40 സെന്റും വിളക്കോട്ടൂർ ദേശത്ത് റീ സ 30/1എ1 ൽ ഏറ്റെടുക്കാൻ ഉത്തരവായിട്ടുണ്ട്.<br>പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്ക് മുതലമട വില്ലേജിൽ ആകെ 10387.8311 ഹെക്ടറും തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര താലൂക്കിലെ പള്ളിച്ചൽ വില്ലേജിൽ മൂക്കന്നിമലയിൽ റീ സർവ്വെ ബ്ലോക്ക് 4 ൽ 67,68,71,72,73,75 എന്നീ റീ സർവ്വെ നമ്പരുകളിൽ 69.2599 ഹെക്ടറും സർക്കാർ പുറമ്പോക്ക് ഭൂമിയുണ്ട്. |
| ബി) പ്രസ്തുത സ്ഥലങ്ങളിലെ ഭൂമി സ്വകാര്യ ആവശ്യങ്ങൾക്കോ പൊതു ആവശ്യങ്ങൾക്കോ വിട്ടു നൽകിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;<br><br>സി) ഉണ്ടെങ്കിൽ എന്തെല്ലാം ആവശ്യങ്ങൾക്കാണെന്നും ആർക്കെല്ലാമാണ് വിട്ടു നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ? | ബി) യും സി) യും കോഴിക്കോട് ജില്ലയിലെ അരീക്കരക്കന്നിൽ ഏറ്റെടുത്ത 273.93 ഏക്കറിൽ 133.93 ഏക്കർ ഭൂമി പൊതു ആവശ്യത്തിനായി റവന്യൂ പുറമ്പോക്ക് ആക്കി മാറ്റുകയും അതിൽ നിന്നും കേന്ദ്രീയ വിദ്യാലയത്തിന് 5 ഏക്കറും, ബി.എസ്.എഫ് ന് 55 ഏക്കറും പാട്ടവ്യവസ്ഥയിൽ വിട്ടുകൊടുക്കുകയും, റോഡിനും മറ്റു പൊതു ആവശ്യത്തിനുമായി 13.93 ഏക്കറും നാദാപുരം വികസന പദ്ധതിക്കുവേണ്ടി 30 ഏക്കറും വിട്ടുകൊടുക്കുന്നതിനു ഉത്തരവായിട്ടുള്ളതുമാണ്.<br>പാലക്കാട് ജില്ലയിലെ മുതലമട, തിരുവനന്തപുരം ജില്ലയിലെ മൂക്കന്നിമല എന്നിവിടങ്ങളിൽ സ്വകാര്യ ആവശ്യങ്ങൾക്കോ പൊതു ആവശ്യങ്ങൾക്കോ സർക്കാർ പുറമ്പോക്ക് ഭൂമി വിട്ടുനൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ